**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42</u>** **<u>08-08-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കെ-ഫോൺ പദ്ധതിയെ അട്ടിമറിക്കാൻ ശ്രമം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയെ അട്ടിമറിക്കാൻ ചില കേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിനുമായി എന്തെല്ലാം മുൻകരുതലും നടപടികളുമാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ പ്രവർത്തനം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യാ വകുപ്പ് സെക്രട്ടറിയും അവലോകനം ചെയ്യുകയും പദ്ധതിയുടെ പുരോഗതിക്കാവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുമുണ്ട്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവിധ സേവനദാതാക്കളെ കണ്ടെത്തുന്നത് സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കൂടുതൽ ആളുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, കൂടുതൽ ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന് 2 കോടി രൂപ 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഗ്ലോബൽ ഇൻഫർമേഷൻ ഹൈവേയുമായി ബന്ധപ്പെടുത്തുക വഴി ആഗോളമാനങ്ങളുള്ള നവ കേരള നിർമ്മിതിക്ക് പശ്ചാത്തലമൊരുക്കുമെന്നതിനാൽ കെ-ഫോൺ പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | കെ-ഫോൺ പദ്ധതിയുടെ പ്രവർത്തനം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യാ വകുപ്പ് സെക്രട്ടറിയും അവലോകനം ചെയ്യുകയും പദ്ധതിയുടെ പുരോഗതിക്കാവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുമുണ്ട്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവിധ സേവനദാതാക്കളെ കണ്ടെത്തുന്നത് സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കൂടുതൽ ആളുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, കൂടുതൽ ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് 2 കോടി രൂപ 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ